VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 23-ാമത് റിപ്പോർട്ട്

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, "പ്രതിപക്ഷ കക്ഷി നേതാക്കന്മാരാരും പങ്കെടുക്കാതെ ചേർന്ന് തീരുമാനമെടുത്ത കാര്യോപദേശക സമിതിയുടെ 23-ാമത് റിപ്പോർട്ട് അതേ കമ്മിറ്റിയുടെ പരിഗണനയ്ക്കായി തിരിച്ചയയ്ക്കണം" എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കാരണം, ഇന്നലെ ചേർന്ന ബി.എ.സി. യോഗത്തിൽ പ്രതിപക്ഷ കക്ഷി നേതാക്കന്മാർ ആരും പങ്കെടുത്തില്ല. ക്ഷണപ്രകാരം ഞങ്ങളിൽ ചില ആളുകൾ അതിൽ പങ്കെടുത്തിട്ടുണ്ട്. പക്ഷേ കക്ഷിനേതാക്കന്മാർക്ക് ആർക്കും അതിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇതിനുമുമ്പ് നമ്മൾ എല്ലാവരും യോജിച്ച് തീരുമാനിച്ചാണ് അത് കൈകാര്യം ചെയ്തിരുന്നത്. പക്ഷേ ഗവൺമെന്റ് എടുത്ത സമീപനത്തോട് യോജിക്കാൻ സാധിക്കാത്ത ചില പ്രശ്നങ്ങളുണ്ടായി. പ്രധാനമായും നിയമനിർമ്മാണകാര്യത്തിനുവേണ്ടി സമയമുണ്ടാക്കി വയ്ക്കുക എന്നുള്ളത് ഗവൺമെന്റിന്റെ അജണ്ടയിലേ ഇല്ല. ഇവിടെ ധനകാര്യം ബിസിനസ്സ് നടത്താൻവേണ്ടി ചേരുന്ന സഭാസമ്മേളനത്തിന്റെ കൂടെത്തന്നെ ബില്ലുകളും പാസ്സാക്കിയെടുക്കാൻ വേണ്ടി ഉച്ചയ്ക്കുശേഷം ഇരിക്കുക എന്നുള്ളത് ഒരു നടപടിക്രമമായി ഗവൺമെന്റ് മാറ്റിയിരിക്കുകയാണ്. ഇതിനുമുമ്പ് ഞങ്ങൾ സഹകരിച്ചിരുന്നു. ഒരു ദിവസം എട്ട് നിയമനിർമ്മാണമാണ് നമ്മൾ നടത്തിയത്. എട്ട് ബില്ലുകൾ പാസ്സാക്കി. അന്ന് ധനകാര്യ ബില്ലുകളും എട്ടെണ്ണം പാസ്സാക്കി. അങ്ങനെ പതിനാറ് ബില്ലുകൾ ഒരു ദിവസം പാസ്സാക്കിയെടുക്കുന്നതിൽ സഹകരിച്ച പ്രതിപക്ഷമാണ്. ഞങ്ങൾ അതിനെ എതിർത്തിട്ടില്ല. ഇവിടെ യു.ഡി.എഫ്. പ്രതിപക്ഷത്തിരുന്നപ്പോൾ ധനകാര്യ ബിസിനസ്സ് നടക്കുന്ന സന്ദർഭത്തിൽ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള ദിവസം ഉച്ചയ്ക്ക് ശേഷം സഭ സമ്മേളിക്കാൻ ഒരു ദിവസം പോലും അനുവദിച്ചിരുന്നില്ല. ഇന്നു തന്നെ ഉച്ചയ്ക്കുശേഷം നാല് മണി മുതൽ സഭ സമ്മേളിക്കുന്നുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യണമെന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമായതു കൊണ്ട് ഉച്ചയ്ക്കുശേഷം ഇരിക്കാൻ ഞങ്ങൾ സഹകരിച്ചിട്ടുണ്ട്. ഇതിനുമുമ്പും രണ്ട് ദിവസം ഉച്ചയ്ക്കുശേഷം ഇരിക്കാൻ ഞങ്ങൾ സഹകരിച്ചു. ഗവൺമെന്റ് ഇപ്പോൾ ലോട്ടറി ബിൽ സംബന്ധിച്ചുള്ള നിയമനിർമ്മാണത്തിനുവേണ്ടി സഭ ഉച്ചയ്ക്കുശേഷം ചേരാനുള്ള നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിനുവേണ്ടി സമയം കണ്ടെത്തി ഒരു പ്രത്യേക ദിവസം ഇത് നടത്തുന്നതിന് ഗവൺമെന്റ് യാതൊരുവിധ ക്രമീകരണങ്ങളും ഉണ്ടാക്കിയിട്ടില്ല. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പറഞ്ഞ കാര്യം, ഇവിടെ ഓർഡിനൻസിന് പകരമുള്ള ബിൽ നിയമസഭ ചേർന്ന് 42 ദിവസമാകുമ്പോൾ പാസ്സാക്കി എടുക്കണമെന്ന ഭരണഘടനാനടപടി സ്വീകരിക്കുന്നതിനുവേണ്ടി ഞങ്ങൾക്ക് മറ്റ് വഴിയില്ല എന്നാണ്. ഇത് ഗവൺമെന്റിന് അറിയാത്ത കാര്യമാണോ? ഇങ്ങനെ ചെയ്യണമെന്ന ബാദ്ധ്യതയുള്ള ഗവൺമെന്റ് അതനുസരിച്ച് എന്തുകൊണ്ട് നിയമസഭാസമ്മേളനം മുൻകൂട്ടി ചേർന്നില്ല? നിയമസഭാ സമ്മേളനം

LIBRARY ARCHIVES Kerala Legislative Assembly

മുൻകൂട്ടി ചേർന്ന് ഇതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുന്ന ഒരു താല്പര്യവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഗവൺമെന്റ് ഉദ്ദേശിക്കുന്നത് അവർക്ക് നൂറു പേരുടെ പിൻബലമുണ്ട്; അതുകൊണ്ട് എന്ത് വേണമെങ്കിലും പാസ്സാക്കി എടുക്കാം എന്നാണ്. പ്രതിപക്ഷം, വെറും 41 ആളുകൾ. നിങ്ങൾ എന്ത് വേണമെങ്കിലും തീരുമാനിച്ചോളൂ. ഞങ്ങളുടെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് ഞങ്ങൾ എന്തും പാസ്സാക്കി എടുക്കും എന്ന ഒരു നടപടിക്രമം നിയമസഭയ്ക്ക് നല്ലതല്ല. അതുകൊണ്ട് നിയമനിർമ്മാണ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന അലംഭാവവും, ഗവൺമെന്റിന്റെ ഈ മനോഭാവവും മാറണം. ഇത്രയും ബില്ലുകൾ ഒരു ദിവസം ചർച്ചയ്ക്ക് വരുമ്പോൾ അംഗങ്ങൾക്ക് പറയാനുള്ള അവസരം ഉണ്ടാകുന്നില്ല. നമ്മൾ എത്രയോ ദിവസം രാത്രി പത്തര, പതിനൊന്ന് മണിവരെ ഇരുന്നുകൊണ്ടാണ് ബില്ലുകൾ പാസ്സാക്കിയത്. അത് തന്നെ അങ്ങയുടെ അങ്ങേയറ്റത്തെ സമീപനം കൂടി വന്നതുകൊണ്ടാണ് അത്തരത്തിൽ ഇരിക്കാനുള്ള സാഹചര്യം സഭയിൽ വന്നുചേർന്നത്. ഉച്ചയ്ക്കുശേഷം സഭ ഇരുന്ന് ധനാഭ്യർത്ഥന പാസ്സാക്കുന്ന ദിവസംതന്നെ ഇതെല്ലാം ചെയ്യണം എന്നുപറഞ്ഞാൽ എല്ലാം കാട്ടിക്കൂട്ടി ഒപ്പിക്കുക എന്ന സ്ഥിതി കേരള നിയമസഭയ്ക്ക് ഭൂഷണമാണോ? ഇത് നിയമനിർമ്മാണ സഭയല്ലേ? നിയമനിർമ്മാണ സഭ എന്നുള്ളത് വെറും ധനകാര്യബില്ലുകൾ മാത്രം പാസ്സാക്കിയെടുക്കാൻവേണ്ടി മാത്രം ചേരുന്ന ഒരു സഭയാക്കി മാറ്റാൻ പാടുണ്ടോ? നിയമനിർമ്മാണ സഭയുടെ അന്തസ് ഉയർത്തിപ്പിടിക്കത്തക്ക വിധത്തിൽ നിയമ നിർമ്മാണത്തിന് ആവശ്യമായ സമയം നീക്കിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. വെറും ഗവൺമെന്റ് ബിസിനസ്സ് നടത്താൻ വേണ്ടി മാത്രം സഭ ചേരുക എന്നിട്ട് തത്ക്കാലം വേണ്ടുന്ന ഒരു ബിൽ പാസ്സാക്കിയെടുക്കാൻ സമയം കണ്ടെത്തുക. അങ്ങനെ വരുമ്പോൾ ഞങ്ങൾക്ക് സഹകരിക്കാതിരിക്കാൻ കഴിയില്ല. ഞങ്ങൾക്ക്കൂടി താത്പര്യമുള്ള ബില്ലായിരിക്കണം. ലോട്ടറി ബിൽ ഞങ്ങൾക്ക് അങ്ങേയറ്റം താത്പര്യമുള്ള ഒരു ബില്ലാണ്. അതിൽ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് ഒട്ടേറെ നിയമ പ്രശ്നങ്ങൾ ആ ബില്ലിൽ അടങ്ങിയിട്ടുണ്ട്. ഇതൊക്കെ ചർച്ച ചെയ്യാൻ എവിടെ സാധിക്കും? ബില്ലുകൾക്ക് വേണ്ടത്ര പരിഗണന നൽകാതെയും ചർച്ച ചെയ്യാതെയും പാസ്സാക്കി എടുത്താൽ ഗവർണ്ണറുടേയും പ്രസിഡന്റിന്റേയും അംഗീകാരം കിട്ടാതെ വരുന്ന സാഹചര്യങ്ങൾ ഉണ്ടാകും. ഇതിനുമുമ്പ് അങ്ങനെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് നിയമനിർമ്മാണ കാര്യത്തിൽ ഒട്ടും ഗൗരവമെടുക്കാതിരിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. അതാണ് ബി.എ.സി.-യിൽ ഗവൺമെന്റ് സ്വീകരിച്ച സമീപനത്തോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയാതെ വന്നത്. ഈ സാഹചര്യത്തിൽ ഗവൺമെന്റിന് മനംമാറ്റമുണ്ടാകും എന്ന് ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഒന്നുകൂടി ഇത് കമ്മിറ്റിക്ക് തിരിച്ചയച്ച് ആവശ്യമായ ചർച്ചയ്ക്കുള്ള സമയം നൽകിക്കൊണ്ട് ഈ ബില്ലുകൾ പാസ്സാക്കിയെടുക്കാനുള്ള ക്രമീകരണം ഉണ്ടാക്കിയാൽ ഞങ്ങൾകൂടി സഹകരിക്കാൻ തയ്യാറാണ്. അതിനുള്ള അന്തരീക്ഷം ഉണ്ടാകത്തക്ക വിധത്തിൽ ഇത് വീണ്ടും കമ്മിറ്റിക്ക് തിരിച്ചയയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഭേദഗതിയെ ഞാൻ പിന്തുണയ്ക്കുകയും മറ്റൊരു ഭേദഗതി ഇവിടെ തരികയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട പ്രശ്നം രണ്ട് ബില്ലുകളാണ് നമ്മുടെ മുമ്പാകെ ഉള്ളത് എന്നതാണ്.

മി. സ്പീക്കർ: അങ്ങയുടെ ഭേദഗതിയുടെ വിശദാംശങ്ങൾ ഓർഡറിൽ അല്ല. കാരണം അത് തീരുമാനിക്കേണ്ടത് ബി.എ.സി. ആണ്. തിരിച്ചയയ്ക്കുക എന്നുള്ള ഭാഗം മാത്രമേ ഭേദഗതിയായി പറ്റുകയുള്ളൂ. തിരിച്ചയയ്ക്കുക എന്നുള്ളതിൽമാത്രം ഒതുങ്ങി സംസാരിച്ചാൽ മതി.

ശ്രീ. എം. വി. ജയരാജൻ: തിരിച്ചയയ്ക്കുക എന്നുള്ളതിൽ തന്നെയാണ് ഞാൻ ഊന്നുന്നത്. പക്ഷേ 215-ൽ രണ്ട് ക്ലാസ് പറയുന്നുണ്ട്. അല്ലെങ്കിൽ ഭേദഗതിയോടുകൂടി യോജിക്കുന്നുവോ എന്ന ഒരു ക്ലാസ്കൂടി പറയുന്നുണ്ട്. സഭയുടെ മുമ്പിൽ വന്നിട്ടുള്ളതിൽ ഭേദഗതിയോടുകൂടി യോജിക്കുന്നുണ്ടോ എന്നതും പറയുകയാണ്. പക്ഷേ പ്രധാനപ്പെട്ട കക്ഷിനേതാക്കൻമാരും ബഹുമാനപ്പെട്ട സഭാനേതാവും പ്രതിപക്ഷത്തുള്ള നേതാക്കന്മാരുംകൂടി യോജിച്ച് ഒരു തീരുമാനമുണ്ടാക്കുക എന്നുള്ളതിന് ഒന്നാമത്തെ പരിഗണന കൊടുക്കാം. പക്ഷേ ഭേദഗതിയോടുകൂടി യോജിക്കാൻ ഒരംഗത്തിന് അവകാശമുണ്ട്. എന്നാൽ ഞാൻ ആ അവകാശത്തിലേക്ക് പോകുന്നില്ല. കാരണം ഞങ്ങളുടെയെല്ലാം ആരാധ്യനായ സഭാനേതാവ്, മുൻ സ്പീക്കർ വക്കംജി, പ്രതിപക്ഷ നേതാവ് അവരെല്ലാം ഉള്ളതാണ്. അപ്പോൾ തിരിച്ചയയ്ക്കുക എന്നുള്ളതിന് ഞാൻ പ്രാധാന്യം കൊടുക്കുകയാണ്. പക്ഷേ ഇതിൽ പ്രധാനപ്പെട്ട പ്രശ്നം രണ്ട് നിയമമാണ് എന്നുള്ളതാണ്. രണ്ട് നിയമത്തിനുംകൂടി ഒരു ദിവസം. ബഹുമാനപ്പെട്ട മുൻ സ്പീക്കർ ഈ നിയമനിർമ്മാണത്തിന്റെ ചുമതല വഹിക്കുന്നതു കൊണ്ട് അങ്ങ് യോജിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഞങ്ങളുടെയെല്ലാം അവകാശങ്ങൾ സംരക്ഷിക്കണമെന്നു പറഞ്ഞ് വാദിച്ചത് ഞാൻ ഓർക്കുകയാണ്. അന്ന് ബഹുമാനപ്പെട്ട വക്കം ആ ചെയറിലിരുന്ന് പറഞ്ഞത് ഇങ്ങനെ കൂടുതൽ ദിവസം നീണ്ടുനിൽക്കുന്ന സഭാസമ്മേളനത്തിനു പകരം ഹ്രസ്വകാല സമ്മേളനങ്ങൾ, അതായത് പതിനഞ്ച് ദിവസം നീണ്ടുനിൽക്കുന്ന സമ്മേളനങ്ങൾ ഉണ്ടാകണം എന്നാണ്. ആ പ്രസംഗത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. അതിൽ വളരെ അത്യാവശ്യമുള്ള നിയമനിർമ്മാണങ്ങൾ ആവാം, അത് കൊണ്ടുവരാം. അന്ന് ഈ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾത്തന്നെ ഒരുപാട് ബില്ലുകൾ സർക്കുലേറ്റ് ചെയ്യാതെ പെൻഡിംഗായിരുന്നു. അതാണ് അത്തരമൊരു ചർച്ചയ്ക്ക് സ്കോപ്പായത്. നിയമ നിർമ്മാണത്തിന് പ്രാമുഖ്യം നൽകത്തക്ക നിലയിൽ ഹ്രസ്വകാല സമ്മേളനങ്ങൾ നമുക്ക് വർദ്ധിപ്പിക്കാം. അപ്പോൾ ഒരു വർഷം കൂടുന്ന നിയമസഭാ സമ്മേളനങ്ങൾ കൂടും. അതിന് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ഒരു നിലപാട് വരണമെങ്കിൽ ചെയർ മാത്രം വിചാരിച്ചാൽ സാധിക്കില്ല, ഗവൺമെന്റ് വിചാരിക്കണം.

ഗവൺമെന്റാണ് സഭാസമ്മേളനം വിളിച്ചുകൂട്ടുന്നതിന് മുൻകൈ എടുക്കേണ്ടത്. ചെയറിന് ആ സമ്മേളനങ്ങൾ നടത്തിക്കൊടുക്കാനുള്ള ബാദ്ധ്യത മാത്രമാണുള്ളത്. കേരളീയ സമൂഹത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടി നേരത്തെതന്നെ ഗവൺമെന്റിന് സഭാ സമ്മേളനം നടത്താമായിരുന്നു. പ്രത്യേകിച്ച് ലോട്ടറി തൊഴിലാളികളുടെ ജീവിത പ്രശ്നവുമായി ബന്ധപ്പെട്ടുള്ള നിയമനിർമ്മാണമാണിത്. ഇന്നലെ കണ്ണൂർ ജില്ലയിൽ കായലോട് സ്വദേശിയായ അനിൽ കുമാർ എന്ന ലോട്ടറി തൊഴിലാളി ലോട്ടറി നിരോധനംമൂലം സാമ്പത്തിക പ്രയാസം അനുഭവിച്ചതിനെത്തുടർന്ന് ആത്മഹത്യ ചെയ്തു. 40 ദിവസം പ്രായമായ ഒരു കുഞ്ഞ് ആ കുടുംബത്തിലുണ്ട്. ആ കുഞ്ഞിന്റേയും വിധവയാക്കപ്പെട്ട ആ സ്ത്രീയുടേയും ഭാവിജീവിതം ഇപ്പോൾ ഗൗരവമായ പ്രശ്നത്തെ നേരിടുകയാണ്. ലോട്ടറി തൊഴിലാളികളായ വികലാംഗർ ഇന്ന് നിയമസഭാ സാമാജികന്മാർക്കെല്ലാം നിവേദനം നൽകുകയുണ്ടായി. ആ നിവേദനത്തിൽ അവർ പറയുന്നത് ഇനിയും വൈകിക്കൂടാ; നിരോധനം അടിയന്തിരമായി പിൻവലിക്കണമെന്നുള്ളതാണ്. അതിനുവേണ്ടി പ്രതിപക്ഷം പൂർണ്ണമായി സഹകരിക്കുകയാണ്. ഈ നിയമനിർമ്മാണം കൊണ്ടുവരുന്നതിനു വേണ്ടി നേരത്തെ തന്നെ തയ്യാറാവണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടതാണ്. പക്ഷേ അത്തരമൊരു നിയമനിർമ്മാണം നടത്തുമ്പോൾ അവശ്യം വേണ്ടുന്ന സമയം അംഗങ്ങൾക്ക് കിട്ടണ്ടേ? ഇതിൽ ഒന്ന് പുതിയൊരു ഒറിജിനൽ നിയമമാണ്. 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ പുതിയ നിയമമാണ്. മറ്റൊന്ന് 2005-ലെ ചൂതാട്ട (ഭേദഗതി) ബിൽ. ഇത് നിലവിലുള്ള നിയമത്തിന്റെ ഭേദഗതിയാണ്. നിലവിലുള്ള നിയമത്തിന്റെ ഭേദഗതി ബിൽ കേന്ദ്രനിയമവുമായി ബന്ധപ്പെട്ടതാണ്. ഈ നിയമനിർമ്മാണം കൊണ്ടുവരുന്നതിനുവേണ്ടി ഞങ്ങൾക്ക് ഒരുപാട് റഫർ ചെയ്ത് പഠിക്കേണ്ടതുണ്ട്. അതിനുള്ള സമയം ഇല്ല. ഒരു ദിവസം ജനറൽ ഡിസ്ക്കഷന് വേണ്ടി മാറ്റിവച്ചാൽത്തന്നെ രണ്ട് നിയമങ്ങൾക്കുംകൂടി രണ്ട് മണിക്കൂർ സമയമേ ഉള്ളൂ. ഒരു മണിക്കൂർ ഒരു നിയമം ചർച്ചചെയ്യുന്നതിന് കൊടുക്കാമെന്നു വച്ചാലും രാവിലെ ഡിമാന്റ് ചർച്ച നീണ്ടുപോകുന്നതനുസരിച്ച് സമയം മാറ്റേണ്ടി വരും. സഭാംഗങ്ങൾതന്നെ പറയുകയും അങ്ങേക്ക് അത് അനുവദിക്കേണ്ടതായും വരും. ഫലത്തിൽ ഒരു ദിവസം രണ്ട് ബില്ലെടുത്താൽ സമയം ആവശ്യത്തിന് കിട്ടുകയില്ല. ഓരോ ബിൽ ഓരോ ദിവസമായി എടുക്കുന്ന കാര്യം തത്വത്തിൽ അംഗീകരിക്കണം. ആ ഒരു പ്രിൻസിപ്പിൾ അംഗീകരിക്കുന്ന വിധത്തിൽ ബി.എ.സി. കൂടി പുനരാലോചന നടത്തണം. അതുകൊണ്ട് ഈ റിപ്പോർട്ട് ബി.എ.സി.-ക്ക് അയയ്ക്കണമെന്നുള്ള ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയം തന്നെയാണ് ശരി. ഞാൻ ഈ ഭേദഗതിയോട് യോജിക്കുകയാണ്. അത് തിരിച്ചയയ്ക്കാൻ നമുക്ക് എല്ലാവർക്കും കൂട്ടായി തീരുമാനിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: ഇന്നലെ ബി.എ.സി. യോഗത്തിൽ പ്രത്യേകം ക്ഷണിതാവായി ചെന്നപ്പോൾ ആ തീരുമാനത്തോട് യോജിച്ചവനാണ് ഞാൻ. കാരണം വളരെ വ്യക്തമാണ്. കുറേ വാദങ്ങൾ എന്റെ മുൻപിൽ വച്ചുകഴിഞ്ഞു. ഈ സഭയിൽ ബില്ലുകളുടെ ചർച്ചകൾക്കുവേണ്ടി അംഗങ്ങൾക്ക് മതിയായ സമയം വേണമെന്നും ആ വാദമുഖങ്ങളെല്ലാം പറയാൻ അവർക്ക് അവകാശമുണ്ടാകണമെന്നും ബഹുമാനപ്പെട്ട മുൻ സ്പീക്കറും എപ്പോഴും പറയാറുണ്ടായിരുന്നു. ആ നിലപാട് ശരിയാണ്. പക്ഷെ ഈ സഭയിൽ ബില്ലുകളുടെ മഹാ പ്രവാഹംതന്നെ നടന്നു കൊണ്ടിരിക്കുകയാണ്. ചെയർ പറയുന്നു, ഇക്കാരണത്താൽ അല്ലെങ്കിൽ വേറെ കാരണത്താൽ അതെല്ലാം നമുക്ക് ഇപ്പോൾത്തന്നെ അവതരിപ്പിക്കണം; ചർച്ച വേണം; പാസാക്കിയെടുക്കണം എന്ന്. പലവട്ടം വന്ന പ്രയോഗമാണ്. പക്ഷെ അപ്പം ചുട്ടെടുക്കുന്നതുപോലെ ചുട്ടെടുക്കേണ്ടതല്ല ബില്ലുകൾ. നിയമനിർമ്മാണകാര്യത്തിൽ ഈ സഭയുടെ ശ്രദ്ധ മുഴുവൻ പതിയണം. പക്ഷേ ഇപ്പോൾ അതുണ്ടാകുന്നില്ല. ഉച്ചകഴിഞ്ഞ് സഭ കൂടിയിട്ടുള്ള ദിവസങ്ങളിൽ എല്ലാവരും ഒരുമാതിരി എനർജിയെല്ലാം ചോർന്നുപോയി പഴന്തുണി പോലെ മാറിക്കൊണ്ടിരിക്കുകയാണ്. ശരീരം മാത്രമല്ല തലച്ചോറും പ്രവർത്തിക്കുന്നില്ല. ഇത് പുനഃക്രമീകരിക്കപ്പെടണം. സ്പീക്കർമാരുടെ അഖിലേന്ത്യാ സമ്മേളനത്തിൽ എല്ലാ സഭകളും ഏറ്റവും ചുരുങ്ങിയത് 100 ദിവസം എങ്കിലും സമ്മേളിക്കണമെന്ന് ഒരു തീരുമാനമുണ്ടായി. കേരള നിയമസഭ അങ്ങനെ സമ്മേളിക്കുന്നില്ല. കേരള നിയമസഭ സമ്മേളിക്കുന്നതിനുള്ള തീയതി നീട്ടി ഹ്രസ്വകാലമായിട്ടോ ദീർഘകാലമായിട്ടോ സഭ ചേർന്ന് ഏറ്റവും ചുരുങ്ങിയത് ഒരുവർഷം 100 ദിവസമെങ്കിലും സമ്മേളിച്ചാൽ തൃപ്തികരമായി നിയമനിർമ്മാണം നടത്താൻ കഴിയും. ഇങ്ങനെയൊരു പോംവഴിയുണ്ടായിരിക്കെ ഒരുമാതിരി on a gun point എന്നു പറയുംപോലെ സമയമില്ല വേഗം വേണം എന്ന അപ്രോച്ച് സ്വീകരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് മൊത്തം ടൈം ഷെഡ്യൂൾ ക്രമീകരിക്കണം.

ശ്രീ. കെ. സി. ജോസഫ്: ഇവിടെ പറയുന്നത് കേട്ടാൽ ഇതെല്ലാം ചില പുതിയ സംഭവങ്ങളാണെന്ന് തോന്നും. ഈ സഭയിൽ എന്നും എല്ലാകാലത്തും അടിയന്തിരമായ സാമ്പത്തിക നിയമങ്ങൾക്ക് മുൻഗണന കൊടുത്തിട്ടുണ്ട്. ഇവിടെ എസൻഷ്യലായിട്ടുള്ള ഫൈനാൻഷ്യൽ ബിസിനസ് പൂർത്തിയാക്കണം. പൂർത്തിയായി കഴിയുമ്പോൾ ആവശ്യമായ സമയം ഇല്ലാത്തതുകൊണ്ടാണ് എല്ലാവരും സമ്മതിച്ച് ഉച്ച കഴിഞ്ഞ് ചർച്ച ചെയ്യുന്നത്. പുതിയ കാര്യമൊന്നുമല്ല. 1987-ൽ ശ്രീമതി ഗൗരിയമ്മ പൊതു പ്രവർത്തക നിയമം പാസാക്കിയത് വെളുപ്പിന് മൂന്നേമുക്കാൽ മണിക്കാണ്. ഞങ്ങൾ ഇരുന്നു. അങ്ങനെ ഈ സഭ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ ഭരിക്കുമ്പോഴെല്ലാം സമയം ആവശ്യമെങ്കിൽ ഉച്ചകഴിഞ്ഞ് ചേരാറുണ്ട്. ബി.എ.സി.-യിൽ പറഞ്ഞതുപോലെ അടിയന്തിരമായി നിയമങ്ങൾക്ക് സംരക്ഷണം കിട്ടണം. ഈ സഭ സമ്മേളിക്കണം. പ്രത്യേകമായ സമ്മേളനം കൂടി അടിയന്തിരമായി നിയമനിർമ്മാണം നടത്തുന്നത് നല്ല കാര്യമാണ്. ഇതിനോട് ഞാൻ യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇന്നലെത്തന്നെ ബി.എ.സി. മീറ്റിംഗിൽ ഇതിനെപ്പറ്റി സമഗ്രമായ ചർച്ച നടന്നു. എല്ലാവരുടേയും വികാരങ്ങൾ ഇവിടെ പ്രകടിപ്പിച്ചു. ഇന്നും ഏതാണ്ട് വ്യക്തമായി. ചെയറിന് ഇതിനെ സംബന്ധിച്ചുള്ള അഭിപ്രായം വളരെ വ്യക്തമാണ്. കാരണം ഇന്നോ ഇന്നലേയോ എന്നുള്ള പ്രശ്നമല്ല. പൊതുവേ നമ്മുടെ നിയമസഭാപ്രവർത്തനങ്ങളിൽ നിയമനിർമ്മാണത്തിന് വേണ്ടത്ര ഗൗരവവും ശ്രദ്ധയും ശുഷ്കാന്തിയും കുറഞ്ഞുകുറഞ്ഞു വരികയാണ്. അത് പൊതുവേയുള്ള പ്രതിഭാസമാണ്. രാഷ്ട്രീയ പ്രതിഭാസം അത് നമ്മൾ മാറ്റണം. നമ്മൾ അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചുവേണം പാസ്സാക്കാൻ. ഡിഫക്ടീവല്ലാതെ വന്നാലേ പിന്നീട് കോടതിയിൽ പോയി ചോദ്യം ചെയ്യപ്പെടാതിരിക്കാൻ കഴിയുകയുള്ളൂ. പക്ഷേ പലപ്പോഴും സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ട് ചില നിയമനിർമ്മാണങ്ങൾ അടിയന്തിരമായി അനിവാര്യമായി വരുമ്പോൾ ഇരുകൂട്ടരുടേയും സമവായത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നു. പ്രതിപക്ഷം ഇതിൽ സഹകരിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അത് സന്തോഷകരമാണ്. ഇന്നലെ ഇതിനെപ്പറ്റി സംസാരിച്ചു. അത്യാവശ്യം വേണ്ടുന്ന കാര്യങ്ങൾ മാത്രം നിയമസഭാ സമ്മേളനത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കാം എന്ന അടിസ്ഥാനത്തിൽ ചെയർ തന്നെ നിർദ്ദേശിച്ച ഒരഭിപ്രായം ഉണ്ട്. സാധാരണ ജൂൺ-ജൂലൈ മാസങ്ങളിൽ സമ്മേളനം വയ്ക്കാറുണ്ട്. ഇപ്രാവശ്യം ഫുൾ ബഡ്ജറ്റ് പാസ്സാക്കുന്നതുകൊണ്ട് അത് ചേരണ്ട. അത് ഹ്രസ്വകാല സമ്മേളനമായി അടിയന്തിരമായി സമ്മേളിച്ച് ഗവൺമെന്റ് പ്രയോറിറ്റി തീരുമാനിച്ച് നിയമ നിർമ്മാണങ്ങൾ അതിൽ നടത്താം എന്ന ചെയറിന്റെ നിർദ്ദേശം ഇരുവിഭാഗങ്ങളും സമ്മതിച്ചിട്ടുണ്ട്. സഭാനേതാവ് വന്നിട്ടില്ലായിരുന്നു. ഇതിനെക്കുറിച്ച് സഭാനേതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിയമ നിർമ്മാണത്തിന് കൂടുതൽ സമയവും സൗകര്യവും വേണമെന്ന രീതിയിൽ ഇവിടെ പറഞ്ഞ വികാരങ്ങളോട് ഞാൻ യോജിക്കുകയാണ്. ഇപ്പോൾ ഇവിടെ ഉണ്ടായ പ്രത്യേക സാഹചര്യം, ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞതുപോലെ, 100 പേരുടെ പിൻതുണയുള്ളതുകൊണ്ട് ഞങ്ങൾക്ക് എന്തും ആകാം എന്നുള്ള നിലയിലുള്ളതല്ല. പ്രതിപക്ഷം പറയുന്ന ചർച്ചകൾ ഭരണഭാഗത്തുനിന്ന് അംഗീകരിക്കുകയാണ്. പ്രതിപക്ഷം പറയുന്ന ദിവസങ്ങൾക്ക് അവധി വേണമെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ അവധി സമ്മതിച്ചിട്ടുണ്ട്. 7-ാം തീയതി സി.പി.ഐ. സമ്മേളനമായതുകൊണ്ട് സമ്മേളനം മാറ്റിവയ്ക്കണമെന്ന് പറഞ്ഞപ്പോൾ മാറ്റിവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: മാർച്ച് മാസം 3 മുതൽ 7 തീയതി വരെയായിരുന്നു സമ്മേളനം. ഒരു ദിവസം മാത്രമാണ് മാറ്റിവച്ചത്.

ശ്രീ. ഉമ്മൻചാണ്ടി: നിങ്ങൾ പ്രസ് ചെയ്ത് പറഞ്ഞത് ഒരു ദിവസമാണ്. ഞങ്ങൾ സമ്മതിച്ചു. വലിയകാര്യമെന്നല്ല പറയുന്നത്. ഞങ്ങൾ സമ്മതിച്ചു. ഞങ്ങൾക്ക് ഭൂരിപക്ഷമുണ്ട്. അതുകൊണ്ട് എന്തുമാകാം എന്നുള്ള നിലയിലേക്കല്ല പോകുന്നത്. നിങ്ങൾ പറയുന്നതും ഉൾക്കൊള്ളാവുന്നതത്രയും ഉൾക്കൊണ്ടുകൊണ്ട് ഞങ്ങൾ സമ്മേളനം മാറ്റിവച്ചു. സഭയിൽ ചർച്ച ചെയ്യണമെന്നു പറഞ്ഞ പ്രശ്നങ്ങൾക്ക് ഒരിക്കലും തടസ്സം നിന്നിട്ടില്ല. പക്ഷേ അനിവാര്യമായ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഇപ്പോൾ ലോട്ടറിയുടെ കാര്യം വന്നു. ഇത് എല്ലാവരും യോജിക്കുന്ന കാര്യമാണ്. ഇത് ചർച്ച കൂടാതെ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടിട്ട് ആ ആഴ്ചയിൽ ഏതെങ്കിലും ദിവസം ഉച്ചകഴിഞ്ഞ് പാസ്സാക്കിത്തരണമെന്ന് പറഞ്ഞപ്പോൾ പ്രതിപക്ഷനേതാവ് യേസ് എന്ന് പറഞ്ഞില്ലെങ്കിലും അനുഭാവപൂർവ്വമായി സംസാരിച്ചു. ലോട്ടറി ബിൽ എത്രയുംവേഗം പാസ്സാക്കേണ്ടതാണെന്ന് അദ്ദേഹം പറയുകയും ചെയ്തു. പക്ഷേ നേതാക്കൻമാരോട് പാർലമെന്ററികാര്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ എല്ലാവർക്കും കൂടി സ്വീകാര്യമായ രീതിയിൽ ചർച്ച വേണമെന്ന് പറയുകയുണ്ടായി. ഇപ്പോൾ നിയമനിർമ്മാണത്തിന് കൂടുതൽ സമയം വേണമെന്ന് പറയുന്നതിനെപ്പറ്റി പൂർണ്ണമായി യോജിക്കുന്നു. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ട് മാത്രമേ ഞങ്ങൾ മുന്നോട്ട് പോകുകയുള്ളൂ. അത് പറയുമ്പോൾ ഒരുകാര്യം ഞാൻ ഓർമ്മിപ്പിക്കുന്നു. ഈ നിയമനിർമ്മാണത്തിനുവേണ്ടിയാണ് ഡിസംബർ ഒന്ന് മുതൽ 16 വരെ നിയമസഭ വിളിച്ചുകൂട്ടിയത്. ഒരു കാരണവശാലും സഭ നടത്തില്ല എന്നു പറഞ്ഞതുകൊണ്ട് പിരിഞ്ഞു. അങ്ങ് പ്രകടിപ്പിച്ച വികാരം ഞാൻ പൂർണ്ണമായി അംഗീകരിക്കുന്നു. ജൂൺ മാസം തന്നെ നിയമനിർമ്മാണത്തിനുവേണ്ടി മാത്രം സഭ കൂടുന്നതാണ്. ഈ ഗവൺമെന്റ് അതിനുള്ള നടപടി സ്വീകരിക്കും. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് ഏറ്റവും വേഗം പാസ്സാക്കണം. ലോട്ടറി സംബന്ധിച്ച നിയമം എത്രയുംവേഗം പാസ്സാക്കാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ 23-മത് റിപ്പോർട്ടിൻമേൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുകയും പോൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—28

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. ബിനോയ് വിശ്വം
6. ശ്രീ. വി. കെ. ചന്ദ്രൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. ടി. കെ. ദേവകുമാർ
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. ശ്രീ. എം. വി. ജയരാജൻ
13. ശ്രീ. എം. കുമാരൻ
14. ശ്രീ. കെ. വി. കുഞ്ഞിരാമൻ
15. ശ്രീ. മത്തായി ചാക്കോ
16. ശ്രീ. കെ. പി. മോഹനൻ
17. ശ്രീ. എ. സി. മൊയ്തീൻ
18. ശ്രീ. പിരപ്പൻകോട് മുരളി
19. ശ്രീ. പി. നാരായണൻ
20. ശ്രീ. കെ. രാധാകൃഷ്ണൻ
21. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
22. ശ്രീ. രാജു എബ്രഹാം
23. ശ്രീ. ടി. പി. രാമകൃഷ്ണൻ
24. ശ്രീ. സാജു പോൾ
25. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ
26. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
27. ശ്രീ. പി. എസ്. സുപാൽ
28. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ—34

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. എ. കെ. ആന്റണി
7. ശ്രീ. എൻ. ഡി. അപ്പച്ചൻ
8. ശ്രീ. ഇ. എം. അഗസ്തി
9. ശ്രീ. കെ. ബാബു
10. ശ്രീ. പി. കെ. കെ. ബാവ
11. ശ്രീ. ടി. വി. ചന്ദ്രമോഹൻ
12 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
13. ശ്രീ. കെ. ബി. ഗണേഷ് കുമാർ
14. ശ്രീ. എം. പി. ഗംഗാധരൻ
15. ശ്രീ. പി. പി. ജോർജ്
16. ശ്രീ. ജോർജ് ജെ. മാത്യു
17. ശ്രീ. എം. എം. ഹസ്സൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ
22. ശ്രീ. വി. ജെ. പൗലോസ്
23. ശ്രീ. അടൂർ പ്രകാശ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. ജോസഫ് എം. പുതുശ്ശേരി
26. ശ്രീ. പി. ജെ. ജോയി
27. ശ്രീ. ജി. കാർത്തികേയൻ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. കെ. കെ. നായർ
30. ഡോ. എം. എ. കുട്ടപ്പൻ
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. സി. മമ്മൂട്ടി
33. ശ്രീ. കെ. മുഹമ്മദാലി
34. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ

LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീ. കെ. മോഹൻ കുമാർ
36. ശ്രീ. ആര്യാടൻ മുഹമ്മദ്
37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. എം. കെ. മുനീർ
39. ശ്രീ. എം. മുരളി
40. ശ്രീ. കെ. നാരായണക്കുറുപ്പ്
41. ശ്രീ. എഴുകോൺ നാരായണൻ
42. ശ്രീ. കെ. കെ. ഷാജു
43. ശ്രീ. കടവൂർ ശിവദാസൻ
44. ശ്രീമതി ശോഭനാ ജോർജ്ജ്
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. കെ. കെ. രാമചന്ദ്രൻ
48. ശ്രീ. തമ്പാനൂർ രവി
49. ശ്രീ. റോഷി അഗസ്റ്റിൻ
50. ശ്രീ. കെ. ശങ്കരനാരായണൻ
51. ശ്രീമതി മാലേത്ത് സരളാദേവി
52. ശ്രീ. വി. ഡി. സതീശൻ
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. നാലകത്ത് സൂപ്പി
55. ശ്രീ. സ്റ്റീഫൻ ജോർജ്ജ്
56. ശ്രീ. ഡി. സുഗതൻ
57. ശ്രീ. എ. സുജനപാൽ
58. ശ്രീ. എൻ. സുന്ദരൻ നാടാർ
59. പ്രൊഫ. കെ. വി. തോമസ്
60. ശ്രീ. പി. ടി. തോമസ്
61. ശ്രീ. ബി. വിജയകുമാർ
62. ശ്രീ. വക്കം പുരുഷോത്തമൻ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സിപീക്കർ: അനുകൂലിക്കുന്നവർ—28

പ്രതികൂലിക്കുന്നവർ—62

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

കാര്യോപദേശക സമിതിയുടെ 23-ാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VII ധനകാര്യം

2005-06 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2005-2006

ധനാഭ്യർത്ഥന നമ്പർ—XVII

ധനാഭ്യർത്ഥനയുടെ പേര്—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക—

റവന്യൂ-3944,71,34,000 രൂപ

മൂലധനം-23,19,00,000 രൂപ

ആകെ—3967,90,34,000 രൂപ

2/675/2012—32a.

LIBRARY ARCHIVES Kerala Legislative Assembly